**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **4558** 25-06-2019 -ൽ മറുപടിക്ക്

## ആലപ്പുഴ ജില്ലയിലെ പ്രളയനാശനഷ്ടങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ആർ. രാജേഷ്** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയവുമായി ബന്ധപ്പെട്ട് റവന്യൂവകുപ്പ് ആലപ്പുഴ ജില്ലയിൽ നടത്തിയ പ്രവർത്തനങ്ങൾ താലൂക്ക് തിരിച്ച് വിശദമാക്കാമോ; | എ), | ആലപ്പുഴ ജില്ലയിൽ കാലവർഷത്തിന് മുന്നോടിയായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗങ്ങൾ കൂടുകയും താലൂക്ക് തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. ജില്ലയിലെ ആറ് താലൂക്കാഫീസുകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തുറന്നിരുന്നതും ദിനംപ്രതിയുള്ള നാശനഷ്ട വിവരങ്ങൾ ജില്ലാ കളക്ടറേറ്റിലെ കൺട്രോൾ റൂമിലേക്ക് ലഭ്യമാക്കിയിരുന്നതുമാണ്. കാലവർഷത്തിന് മുന്നോടിയായി ദുരിതാശ്വാസ ക്യാമ്പുകളിലായി പ്രവർത്തിക്കേണ്ടുന്ന സ്ഥലങ്ങളും കെട്ടിടങ്ങളും താലൂക്ക് തലത്തിൽ കണ്ടെത്തിയിരുന്നതിനാൽ പ്രളയസമയത്ത് യഥാസമയം ദുരിതബാധിതരെ സുരക്ഷിതമായി മാറ്റിപ്പാർപ്പിച്ചിട്ടുള്ളതുമാണ്. എല്ലാ താലൂക്കുകളിലും കൂടി 700 ക്യാമ്പുകളിലായി ഏകദേശം മൂന്നരലക്ഷത്തോളം ആളുകളെ മാറ്റിപ്പാർപ്പിച്ചിരുന്നതുമാണ്. ക്യാമ്പിലേയ്ക്ക് അവശ്യ വേണ്ടുന്ന ഭക്ഷ്യ വസ്തുക്കൾ വില്ലേജാഫീസർമാരുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മേൽനോട്ടത്തിൽ വിതരണം നടത്തിയിട്ട ഉള്ളതുമാണ്. സർക്കാർ പ്രഖ്യാപിച്ചിരുന്ന പ്രളയ ദുരിതാശ്വാസ ധനസഹായം സമയബന്ധിതമായി |

| | | | |
|---|---|---|---|
| | | | താലൂക്കുകൾ മുഖേന ദുരിതബാധിതർക്ക് വിതരണം ചെയ്തിട്ടുള്ളതാണ്. ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്നും തിരികെ വീട്ടുകളിലേക്ക് മടങ്ങിയവർക്ക് സർക്കാർ നിർദ്ദേശ പ്രകാരമുള്ള കിറ്റുകൾ വിതരണം ചെയ്തിട്ടുള്ളതും ഭവന നാശം സംഭവിച്ച കേസുകളിൽ സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം ധനസഹായം വിതരണം ചെയ്തുവരുന്നതുമാണ്. |
| ബി) | പ്രളയ നാശനഷ്ടങ്ങൾ കണക്കാക്കിയ മാനദണ്ഡങ്ങൾ വിശദമാക്കുമോ; | ബി), | സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡങ്ങൾ പ്രകാരമാണ് നാശനഷ്ടങ്ങൾ കണക്കാക്കുന്നത്. ദുരന്തത്തിൽ തകർന്നുപോയ വീട്ടുകളുടെ പുനർനിർമ്മാണത്തിനുള്ള മിനിമം റിലീഫ് കോഡ് സംസ്ഥാന സർക്കാർ നിർണ്ണയിച്ചിട്ടുണ്ട്. നാശനഷ്ടത്തിന്റെ തോത് അനുസരിച്ച് 15%, 16-29%, 30-59%, 60-74%, 75 ശതമാനത്തിന് മേലെ എന്നിങ്ങനെ അഞ്ച് വിഭാഗമായി തിരിച്ച് ഓരോ വിഭാഗത്തിലും ധനസഹായ നിരക്കുകൾ യഥാക്രമം 10,000 രൂപ 60,000 രൂപ, 1,25,000 രൂപ 2,50,000 രൂപ, 4,00,000 രൂപ എന്നിങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്. സ്ഥലം നഷ്ടപ്പെട്ടവർക്ക് കേരളത്തിൽ സ്വന്തമായി സ്ഥലമില്ലെങ്കിലോ നിലവിലെ സ്ഥലം വീട് നിർമ്മാണത്തിന് അനുയോജ്യമല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6,00,000 രൂപയോ പ്രമാണത്തിനുള്ള തുകയോ ഏതാണോ കുറവ് ആ തുക അനുവദിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പൂർണ്ണമായി തകർന്നതോ, 75 ശതമാനത്തിലധികമോ തകർച്ച നേരിടുകയും വാസയോഗ്യമല്ലാതാവുകയും ചെയ്ത വീട്ടുകളുടെ പുനർനിർമ്മാണത്തിന് നൽകുന്ന 4,00,000 രൂപയിൽ മലയോര മേഖലയിൽ 1,01,900 രൂപയും സമതലത്തിൽ 95,100 രൂപയുമാണ് കേന്ദ്ര സർക്കാർ |

| | | | |
|---|---|---|---|
| | | | നൽകുന്നത്. ബാക്കി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണ് നൽകുന്നത്. |
| സി) | പ്രളയ നാശനഷ്ടങ്ങൾ കണക്കാക്കുന്നതിന് താലൂക്ക്, വില്ലേജ് അടിസ്ഥാനത്തിൽ സമിതി രൂപീകരിച്ചിരുന്നോ; എങ്കിൽ സമിതിയിൽ ഉൾപ്പെട്ടവർ ആരെല്ലാമാണ്; ആലപ്പുഴ ജില്ലയിലെ ഇതിന്റെ ചുമതലക്കാർ ആരൊക്കെയെന്ന് താലൂക്ക്, വില്ലേജ് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | സി) | പ്രളയ നാശനഷ്ടങ്ങൾ കണക്കാക്കുന്നതിന് താലൂക്ക്, വില്ലേജ് അടിസ്ഥാനത്തിൽ സമിതി രൂപീകരിച്ചിട്ടില്ലാത്തതാണ്. ജില്ലയിൽ പ്രളയത്തിൽ സംഭവിച്ച നാശനഷ്ടങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ മുഖാന്തിരമാണ് തിട്ടപ്പെടുത്തിയത്. |
| ഡി) | നിലവിൽ പ്രളയദുരിതാശ്വാസം ലഭിക്കാത്തവർക്കും ലിസ്റ്റിൽ ഉൾപ്പെടാൻ അർഹരായവർക്കും സഹായം ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | ഡി) | റീബിൽഡ് കേരളയുമായി ബന്ധപ്പെട്ടുള്ള 31.01.2019-ന് മുൻപ് ലഭിച്ച അർഹരായ അപ്പീൽ അപേക്ഷകൾ അപ്പീൽ കമ്മിറ്റി അനുവദിച്ചിട്ടുള്ളതും ധനസഹായ വിതരണ നടപടികളും സ്വീകരിച്ചു വരുന്നതുമാണ്. 2018-ലെ പ്രളയത്തിൽ തകർച്ച നേരിട്ട വീടുകളുടെ നാശനഷ്ടം സംബന്ധിച്ച് 30.06.2019 വരെ ലഭിക്കുന്ന അപ്പീലുകൾ പരിഗണിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ